# നവ കേരള സദസ്സ്

**പരാതിക്കാരൻ : സി. വി. ജോർജ്ജ്, ചൊവ്വാറ്റുകുന്നേൽ, ഇളംദേശം പി. ഒ.,**

**ഫോൺനമ്പർ : 8281652704**

പരാതിക്കാരന്റെ പേരിൽ ഇളംദേശം കവലയിൽ 5 സെന്റ് ഭൂമിയുണ്ട്. ടി സ്ഥലത്ത് ടിയാൻ നാലുമുറി പീടിക പണിതിട്ടുണ്ട്. 35 വർഷം പഴക്കമുള്ള ടി കെട്ടിടം ഭിത്തി കെട്ടി ഷീറ്റ് ഇട്ട് കച്ചവടത്തിനായി ഉപയോഗിക്കുന്നതാണ്. ടി കെട്ടിടത്തിന് പഞ്ചായത്തിൽ നിന്നും നമ്പർ ഇട്ടുകിട്ടുന്നതിനായി പഞ്ചായത്ത് അധികൃതരെ പല പ്രാവശ്യം സമീപിച്ചെങ്കിലും പല തരം ഒഴിവു കഴിവുകൾ പറഞ്ഞ് നമ്പർ തരാതെ മടക്കി അയക്കുകയാണ്. ടി കടമുറികൾക്ക് മഴവെള്ള സംഭരണി വേണം. റോഡിൽ നിന്നും 3 മീറ്റർ അകലം ഇല്ല. പാർക്കിംഗ് ഏരിയ വേണം ഇതെല്ലാമാണ് പഞ്ചായത്ത് തടസ്സം. ആയതുകൊണ്ട് ടിയാന് ലൈസൻസ് ഉൾപ്പെട്ട എല്ലാം കിട്ടുവാൻ തടസ്സമായിരിക്കും. ഈ കടകൊണ്ട് ഉപജീവനം കഴിക്കുന്ന ടിയാനും കുടുംബവും ഇതുകൊണ്ട് ബുദ്ധിമുട്ടുകയാണ്. ആയതിനാൽ ടി കടമുറിയ്ക്ക് നമ്പർ അനുവദിയ്ക്കണമെന്നതാണ് അപേക്ഷയിലെ ആവശ്യം.

## സെക്രട്ടറിയുടെ മറുപടി

ഇടുക്കി ജില്ലയിൽ തൊടുപുഴ താലൂക്കിൽ ഇളംദേശം ഭാഗത്ത് ശ്രീ. വർക്കി ജോസഫ് ചൊവ്വാറ്റുകുന്നേൽ, ഇളംദേശം പി. ഒ. എന്നയാളുടെ ഉടമസ്ഥതയിലുള്ള 2/227 നമ്പർ കെട്ടിടം നാല് കടമുറികളായി ഭാഗം ചെയ്തു നമ്പർ അനുവദിക്കണമെന്ന് ടിയാൻ ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പഞ്ചായത്ത് രേഖകൾ പ്രകാരം ടി കെട്ടിടം 30 ച മീറ്റർ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യം എന്ന ഗണത്തിൽ ഉൾപ്പെടുത്തി നമ്പർ നൽകിയിട്ടുള്ളതുമാണ്.

ഈ കെട്ടിടത്തിന്റെ എല്ലാ മുറികൾക്കും വെവ്വേറെ നമ്പർ നൽകണമെന്ന് ടിയാന്റെ അപേക്ഷ പരിശോധനയ്ക്കായി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയിരുന്നു. പരിശോധനയിൽ താഴെ പറയുന്ന ന്യൂനതകൾ ഉള്ളതായി അറിയിച്ചിരുന്നു.

1. പാർക്കിംഗ് ഏരിയ ഉള്ളതായി കാണുന്നില്ല (കെ.പി.ബി.ആർ. 2011 ചട്ടം 38)
2. വാണിജ്യ ആവശ്യങ്ങൾക്ക് ആവശ്യമായ തുറസ്സായ സ്ഥലമില്ല (കെ.പി.ബി.ആർ. 2011 ചട്ടം 27)
3. മഴവെള്ള സംഭരണി സ്ഥാപിച്ചിട്ടില്ല (കെ.പി.ബി.ആർ. 2011 ചട്ടം 102)
4. കെട്ടിടത്തിന്റെ ഡ്രോയിംഗുകളിൽ അപേക്ഷകൻ ഒപ്പുവച്ചിട്ടില്ല.
5. സൂപ്പർവൈസർ സാക്ഷ്യപ്പെടുത്തി ഒപ്പു വച്ചിട്ടില്ല (കെ.പി.ബി.ആർ. 2011 ചട്ടം 7(3))
6. പ്ലാനിൽ കവറേജ്, എഫ്. എ. ആർ. എന്നിവ രേഖപ്പെടുത്തിയിട്ടില്ല (കെ.പി.ബി.ആർ. 2011 ചട്ടം 35)

മേൽ അപാകതകൾ പരിഹരിക്കുന്നതിന് അപേക്ഷകന് അറിയിപ്പ് നൽകിയിരുന്നു. എന്നാൽ നാളിതുവരെ അപേക്ഷകൻ അപാകതകൾ പരിഹരിച്ച് നൽകിയിട്ടില്ല. ആയത് പരിഹരിച്ച് നൽകിയാൽ മാത്രമേ ഈ അപേക്ഷയിൻമേൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയൂ എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

## തീരുമാനം

സ്ഥല പരിശോധനയിൽ പരാതിക്കാരന്റെ കടമുറി മൂന്ന് ഷട്ടറും നാലാമത്തെ ഭാഗം പശുത്തൊഴുത്തുമായി കാണുന്നു. പഞ്ചായത്തിന്റെ 93-94 വർഷത്തെ അസസ്സ്മെന്റ് രജിസ്റ്ററിൽ ഓല, ഓട്, ഒരു മുറി മൺതറ എന്ന സ്പെസിഫിക്കേഷനിൽ വാർഡ് 3/229 ആം നമ്പർ (പുതിയ നമ്പർ 2/227) കുടിൽ എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ കുടിലാണ് നിലവിൽ കാണുന്ന മൂന്ന് ഷട്ടർ മുറികളും തൊഴുത്തുമായി മാറ്റിയിട്ടുള്ളതായി മനസിലാകുന്നത്. നിലവിലുള്ള മൂന്ന് ഷട്ടർ മുറികൾക്കും തൊഴുത്തിനും കേരള പഞ്ചായത്ത് രാജ് ആക്ട് 220B, KPBR 2019 ചട്ടം 26(4), ചട്ടം 29, ചട്ടം 34, ചട്ടം 42 എന്നിവയുടെ ലംഘനമുള്ളതായി കാണുന്നു. ആയതിനാൽ പരാതിക്കാരന്റെ മേൽ ഷട്ടർ മുറികൾക്കും തൊഴുത്തിനും നമ്പർ നല്കാൻ കഴിയുകയില്ലാ എന്നുള്ള വിവരം പരാതിക്കാരനെ അറിയിക്കുന്നതിന് സമിതി ഐക്യകണ്ഠേന തീരുമാനിച്ചു.

SURESH M.S
PEN - 461453
Assistant Director
(Internal Vigilance Officer)
O/o The District Joint Director
LSGD, Idukki, Kuyilimala - 685 603